● ലേഖനം

പി.കെ ജമാൽ

# ശിലയലിയും നമ്മുടെ ശീലമോ?

**ഒരു** അനുപമ സമൂഹത്തെ സൃഷ്ടിച്ച് മാതൃക കാണിച്ച മഹത്തായ ദൈവിക ഗ്രന്ഥമായ ഖുർആന് ഈ കാലഘട്ടത്തിൽ അത്തരം ഒരു സമൂഹത്തിന്റെ നിർമിതി സാധ്യമാവാത്തതെന്തുകൊണ്ട്? ഇന്ന് ഉയർന്നുവരുന്ന ഒരു ചോദ്യമാണിത്. മാറ്റങ്ങൾ സൃഷ്ടിക്കാനുള്ള ഖുർആന്റെ കഴിവിന് ക്ഷയം സംഭവിച്ചതാണോ? സമൂഹത്തിന്റെ സ്വഭാവത്തിൽ വന്ന മാറ്റമാണോ? നബിയുടെ അനുചരന്മാരെ വാർത്തെടുത്ത ഖുർആൻ സൂക്തങ്ങൾ മാറ്റമേതുമേശാതെ നിലനിൽക്കുന്ന ഈ കാലത്തും ലോകത്തും പതിനാലു നൂറ്റാണ്ടുകൾക്കു മുമ്പ് സംഭവിച്ച മാറ്റങ്ങൾ ഉണ്ടാവാതെ പോകുന്നതെന്ത്?

ഒന്നോ അതിൽ കൂടുതൽ മുസ്ഹഫുകൾ ഇല്ലാത്ത മുസ്‌ലിംഗൃഹങ്ങൾ കാണില്ല. ഖുർആൻ പ്രക്ഷേപണത്തിന് മാത്രമായി നിരവധി റേഡിയോ സംവിധാനങ്ങൾ. ഒന്ന് ട്യൂൺ ചെയ്താൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഒഴുകിയെത്തുന്ന ഖുർആന്റെ ശബ്ദവീചികൾ. ആയിരക്കണക്കിന് ഖുർആൻ പഠനകേന്ദ്രങ്ങൾ, സ്ത്രീകളും പുരുഷന്മാരുമായി ഖുർആൻ ഹൃദിസ്ഥമാക്കിയ പതിനായിരക്കണക്കിൽ പാരായണ വിദഗ്ധർ. എണ്ണിയാൽ ഒടുങ്ങാത്ത പരിഭാഷകളും വ്യാഖ്യാന ഗ്രന്ഥങ്ങളും ഇന്റർനെറ്റിൽ നൂറുകണക്കിന് ഖുർആൻ സൈറ്റുകൾ. ഇങ്ങനെ നിരവധി അനുകൂല ഘടകങ്ങൾ ഉണ്ടായിട്ടും ഖുർആൻ നൂറ്റാണ്ടുകൾക്കു മുമ്പ് വരുത്തിയ മാറ്റങ്ങൾ ഇന്ന് കാണാത്തത് എന്തുകൊണ്ട്? ഈ ചോദ്യങ്ങൾക്ക് പ്രസിദ്ധ ഇസ്‌ലാമിക ചിന്തകൻ ശൈഖ് മുഹമ്മദുൽ ഗസാലി നൽകിയ മറുപടി ഇങ്ങനെ സംഗ്രഹിക്കാം: "ആദ്യ നൂറ്റാണ്ടുകൾക്കു ശേഷം മുസ്‌ലിംകളുടെ ദൈവികഗ്രന്ഥത്തിലുള്ള ശ്രദ്ധയും ഖുർആനോടുള്ള പരിഗണനയും കേവല പാരായണത്തിന്റെ വശത്തേക്ക് മാത്രം തിരിഞ്ഞു. അക്ഷരങ്ങളുടെ വാമൊഴി നേരെയാക്കിയും നീട്ടിയും കുറുക്കിയും മണിച്ചും ഈണത്തിൽ പാരായണം ചെയ്യുന്നതിലായി മുഖ്യശ്രദ്ധ. ഖുർആനോടുള്ള സമീപനത്തിൽ ഒരു സമുദായവും അനുവർത്തിച്ചിട്ടില്ലാത്ത പുതിയ നയമാണ് അവർ കൈക്കൊണ്ടത്. ഖുർആൻ എന്ന പദത്തിന്റെ ക്രിയാരൂപമായ 'ഖറഅ്തു' എന്ന വാക്കിന് 'ഞാൻ വായിച്ചു' എന്നാണ് അർഥം. ഈ പദത്തിന്റെ ശ്രവണമാത്രയിൽ ഒരു സാധാരണ മനുഷ്യൻ അർഥമാക്കുന്നത് അയാൾക്ക് വന്നിട്ടുള്ള ഒരെഴുത്തോ സന്ദേശമോ വായിച്ച് ഉള്ളടക്കം ഗ്രഹിച്ചു എന്നാണ്. പക്ഷേ, മുസ്‌ലിം സമൂഹം പാരായണത്തിനും പരിചിന്തനത്തിനുമിടയിൽ വേർതിരിവുണ്ടാക്കിയത് ഏതടിസ്ഥാനത്തിലാണെന്ന് എനിക്കറിഞ്ഞുകൂടാ. ഇന്നൊരു മുസ്‌ലിം ഖുർആൻ ഓതുന്നത് കേവലം ബറകത്ത് നേടാൻ വേണ്ടിയാണ്. ആശയം ഗ്രഹിക്കാതെ പദങ്ങൾ ഉരുവിടുന്നതു കൊണ്ടു മാത്രം ഉദ്ദേശ്യം നിറവേറുമെന്നോ അത്ര മതിയെന്നോ ഉള്ള ധാരണയാണ് സമൂഹത്തിൽ പരക്കെയുള്ളത്. ഈ രീതിയോടുള്ള നമ്മുടെ നിലപാട് വ്യക്തമാക്കുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത് ശർഈ വീക്ഷണത്തിൽ ഒട്ടും സ്വീകാര്യമല്ലാത്ത നിലപാടാണ് ഇതെന്നാണ്. 'പ്രവാചകരേ!നാം ഇത് താങ്കൾക്ക് ഇറക്കിത്തന്നു-ഇത് അനുഗൃഹീതമായ മഹദ്‌വേദമാകുന്നു. ഈ ജനം ഇതിലെ സൂക്തങ്ങളിൽ ചിന്തിക്കേണ്ടതിനും ബുദ്ധിയും തന്റേടവുമുള്ളവർ അതുവഴി പാഠമുൾക്കൊള്ളേണ്ടതിനും' (*സ്വാദ്*: 29). ശ്രദ്ധിച്ചും ഉൾക്കൊണ്ടും ചിന്തിച്ചും മനനം ചെയ്തും അപഗ്രഥിച്ചും മനസ്സിലാക്കേണ്ടതാണ് ഖുർആൻ എന്ന് സാരം. ആശയം ഗ്രഹിക്കാതെ, ഉദ്ദേശ്യം മനസ്സിലാക്കാതെ, ബാഹ്യാർഥത്തിനപ്പുറത്തുള്ള ആന്തരസത്യങ്ങളെ കുറിച്ചാലോചിക്കാതെ, സമൂഹത്തിന്റെ ആത്മീയവും ഭൗതികവും സാമൂഹികവുമായ വിജയത്തിന് ഖുർആൻ സമർപ്പിക്കുന്ന അധ്യാപനങ്ങളെയും അനുശാസനകളെയും പറ്റി ചിന്തിക്കാതെ, മനുഷ്യവർഗത്തിന്റെ മുമ്പിൽ സത്യസാക്ഷ്യ കർത്തവ്യം നിറവേറ്റി വിനഷ്ടമായ യശസ്സ് വീണ്ടെടുക്കാൻ വേദഗ്രന്ഥം അവതരിപ്പിക്കുന്ന അടിസ്ഥാനങ്ങളെ കുറിച്ച് പഠിക്കാതെ നടത്തുന്ന ഉപരിപ്ലവമായ കേവല പാരായണം കൊണ്ടെന്ത് നേട്ടമുണ്ടാവാനാണ്?" (*ഖുർആനോട് നാം എങ്ങനെ വർത്തിക്കണം?* പേജ് 27,28).

നാം ഖുർആനെ കൈയൊഴിച്ചു എന്നതാണ് നേര്. കൈയൊഴിച്ചു എന്നതുകൊണ്ട് അർഥമാക്കുന്നത്, ഖുർആനെ പ്രയോജനപ്പെടുത്താതിരിക്കുകയെന്നാണ്, വ്യക്തിയെ ആമൂലാഗ്രം മാറ്റിയെടുത്ത് വിശ്വാസിയും സൽക്കർമിയുമാക്കിത്തീർക്കുന്ന ഖുർആന്റെ പ്രവർത്തനക്ഷമത യഥാവിധി ഉപയോഗപ്പെടുത്താതിരിക്കുകയെന്നാണ്. ഖുർആനെ അവഗണിക്കുകയും കൈയൊഴിക്കുകയും ചെയ്യുന്ന പ്രവണതക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഖുർആൻ എന്ന ദൈവികഗ്രന്ഥത്തെ സമഗ്രമായി സ്വീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതിനു പകരം മുസ്‌ലിംകൾ വിജ്ഞാനത്തിന്റെ ചില വശങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ചു തുടങ്ങിയതിൽ ആരംഭിക്കുന്നു അവഗണനയുടെ ചരിത്രം. ഇൽമുൽ കലാമിലും (വചനശാസ്ത്രം) ഫിഖ്ഹിലും (കർമശാസ്ത്രം) മാത്രമായി അവരുടെ മുഴുശ്രദ്ധയും. അതിന് നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിയും പിന്നീട് ചട്ടങ്ങൾക്ക് വ്യാഖ്യാനങ്ങൾ ചമച്ചും പിന്നെ വ്യാഖ്യാനങ്ങൾക്ക് ടിപ്പണി എഴുതിയും പിന്നെ ഇവക്കെല്ലാം കൂടി ഒരു സംഗ്രഹം രചിച്ചും അവർ കാലം കഴിച്ചു. മരണാനന്തര ദുഃഖവേളകളിലും രോഗികളുടെ ശയ്യക്കരികിലും മരണാസന്നനായ വ്യക്തിയുടെ സമീപത്തും റമദാനിലും മാത്രം പാരായണം ചെയ്യപ്പെടേണ്ട ഗ്രന്ഥമായി ഖുർആൻ ചുരുങ്ങി. ശൈഖ് മുഹമ്മദുൽ ഗസാലി ഈ കുഴമറിച്ചിലിനെ ഇങ്ങനെ വിശദീകരിക്കുന്നു: "മുസ്‌ലിംകൾ ഖുർആനെ ഹദീസുകൾക്കു വേണ്ടി കൈയൊഴിച്ചു. പിന്നീടവർ ഹദീസുകളെ ഇമാമുകളുടെ അഭിപ്രായങ്ങൾക്കു വേണ്ടി അവഗണിച്ചു. പിന്നെ ഇമാമുകളുടെ അഭിപ്രായത്തെ കേവലാനുകരണമെന്ന രീതിക്കായി കൈയൊഴിച്ചു. ഇസ്‌ലാമിക ചിന്തകളുടെ ഈ വിധത്തിലുള്ള അട്ടിമറി ഇസ്‌ലാമിനും അതിന്റെ അനുയായികൾക്കും ഉണ്ടാക്കിയ വിപത്തുകൾ ചില്ലറയല്ല. ഉഹാകുബ്നു മുസാഹിമിനെ ഉദ്ധരിച്ച ഇബ്നു അബ്ദിൽ ബർറിന്റെ വാക്കുകളിൽ: മുസ്ഹഫുകൾ കെട്ടിത്തൂക്കുന്ന ഒരു കാലം വരും. അങ്ങനെ ചിലന്തി അതിന്മേൽ വലകെട്ടും. അതിലെ ഉള്ളടക്കത്തെക്കുറിച്ച് ജനങ്ങൾക്ക് വിചാരമേ

ഉണ്ടാവില്ല. ജനങ്ങൾ പ്രവർത്തിക്കുന്നത് കേട്ടുകേൾവികളുടെയും ഐതിഹ്യങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും" (*ഫിഖ്ഹുസ്സീറ* - പേജ് 42,43).

ഖുർആനോട് ഈ കാലഘട്ടത്തിൽ നാം അനുവർത്തിക്കുന്ന വിചിത്രമായ രീതികൾ കഴിഞ്ഞ നൂറ്റാണ്ടുകളിൽ നാം സ്വീകരിച്ച നിലപാടുകളുടെ തുടർച്ചയാണ്. ഖുർആനിൽനിന്ന് ജനങ്ങൾ മെല്ലെമെല്ലെ അകന്നുമാറി. അങ്ങനെ ഇന്നത്തെ അവസ്ഥയിൽ വന്നുപെട്ടു.

ഖുർആന്റെ അവതരണോദ്ദേശ്യം ജനങ്ങളെ സന്മാർഗത്തിലേക്ക് നയിക്കുകയാണ്: "സത്യവിശ്വാസികൾക്കാണെങ്കിൽ ഈ ഖുർആൻ സന്മാർഗദർശനവും രോഗശാന്തിയുമാകുന്നു" (*ഫുസ്സ്വിലത്ത്* 44). ഈ വിധമാണോ ഖുർആനെ നാം കാണുന്നത്? ഖുർആന്റെ അവതരണോദ്ദേശ്യത്തിൽനിന്ന് നാം ബഹുദൂരം അകന്നുകഴിഞ്ഞു. നമുക്ക് ലബ്ധമാവേണ്ട വെളിച്ചത്തിന്റെ ഏക സ്രോതസ്സ് എന്ന സ്ഥാനം ഖുർആന് നൽകാതിരിക്കുകയും മാർഗനിർദേശങ്ങൾക്ക് നാം പുതിയ ഉറവിടങ്ങൾ തേടിപ്പോവുകയും ചെയ്തു.

പാരായണത്തിനപ്പുറം നമ്മുടെ ചിന്തകളെയും വിചാരങ്ങളെയും രൂപപ്പെടുത്താനോ നമ്മുടെ വ്യക്തിത്വത്തെ വാർത്തെടുക്കാനോ സംസ്കാരത്തിന്റെ പ്രഭവകേന്ദ്രമാവാനോ ഖുർആനെ നാം അനുവദിക്കുന്നില്ല. പാരായണനിയമങ്ങൾ പാലിക്കാതെ ഓതുന്നവനിൽ കുറ്റങ്ങൾ കണ്ടെത്താൻ നമുക്ക് തിടുക്കമാണ്. പക്ഷേ, ആശയങ്ങൾ ഗ്രഹിക്കാതെയും അകംപൊരുൾ മനസ്സിലാക്കാതെയും ജീവിക്കുന്നവനിൽ നാം തകരാറു കാണുന്നില്ല.

'നിങ്ങളിൽ ഏറ്റവും ഉത്തമൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തവനാണ്' എന്ന നബിവചനത്തിന്റെ വിവക്ഷ നാം കേവല പാരായണപഠനത്തിൽ ഒതുക്കി. ഈ ഹദീസിന്റെ ആശയം ഇമാം ഇബ്നുതൈമിയ്യ വ്യക്തമാക്കുന്നതിങ്ങനെ: "അതിന്റെ അക്ഷരങ്ങളും ആശയങ്ങളും പഠിക്കുകയെന്നാണ്. ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ അക്ഷരങ്ങളേക്കാൾ ആശയങ്ങൾ പഠിക്കുകയാണ്. അതാണ് വിശ്വാസം പരിപോഷിപ്പിക്കാൻ സഹായകമാവുക" (*തദബ്ബുറുൽ ഖുർആൻ:* സുനൈദി).

ഒരു അധ്യായം അവസാനം വരെ ഓതി സായൂജ്യമടയുന്നതിലായി നമ്മുടെ ശ്രദ്ധ. ഒരു ബോധവുമില്ലാതെ ഒരധ്യായത്തിൽനിന്ന് മറ്റൊരു അധ്യായത്തിലേക്ക് നാം ഓതി കടന്നുപോകും. നമ്മുടെ ശ്രദ്ധപിടിച്ചുപറ്റിയ ഏതെങ്കിലും ഭാഗത്തെ കുറിച്ച് ചോദിച്ചാൽ നമുക്ക് മറുപടിയുണ്ടാവില്ല. റമദാൻ ആസന്നമായാൽ പിന്നെ ചിന്ത ഖുർആൻഎത്ര തവണ ഓതി ത്തീർക്കാൻ കഴിയുമെന്നാണ്. പിന്നെ മത്സരം അതിലായി. ഖുർആനിൽ വ്യാപൃതരാവുകയെന്നാൽ ഖുർആൻ ഹൃദിസ്ഥമാക്കുകയെന്നാണ് പലരും ധരിച്ചത്. അങ്ങനെ ആയിരങ്ങൾ മനഃപാഠ യത്നങ്ങളിൽ മുഴുകി. ഖുർആൻ പാരായണത്തിന്റെ മനോഹാരിതയിൽ അഭിരമിച്ച്, തന്നെത്താൻ മറന്ന് ആശയത്തെക്കുറിച്ച് അശ്രദ്ധരാവുന്ന അവസ്ഥയോളം ഇത് ചെന്നെത്തി. എന്നാൽ ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നത് കാണുക: "ഈ ഖുർആനെ നാം ഒരു പർവതത്തിന്മേൽ അവതരിപ്പിച്ചിരുന്നുവെങ്കിൽ അത് (പർവതം) വിനീതമാകുന്നതും അല്ലാഹുവെ പറ്റിയുള്ള ഭയത്താൽ പൊട്ടിപ്പിളരുന്നതും നിനക്ക് കാണാമായിരുന്നു. ആ ഉദാഹരണങ്ങൾ നാം ജനങ്ങൾക്കു വേണ്ടി വിവരിക്കുന്നു. അവർ ചിന്തിക്കാൻ വേണ്ടി" (*അൽഹശ്ർ* 21). ●